REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-07-2024 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് തുടക്കമായി. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.
- കേന്ദ്ര ബജറ്റ് അടുത്ത അഞ്ച് വർഷത്തെ യാത്രയ്ക്ക് ദിശാബോധം നൽകുമെന്നും 2047ൽ വികസിത് ഭാരത് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ അടിത്തറ പാകുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.
- നീറ്റ്-യുജി പേപ്പർ ചോർച്ചയുടെ ഒരു സംഭവം മാത്രമാണ് രാജ്യത്ത് ഇതുവരെ റിപ്പോർട്ട് ചെയ്തതെന്ന് വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ.
- നിപ ബാധിച്ച് മരിച്ച 14കാരന്റെ സമ്പർക്ക പട്ടികയിൽ മലപ്പുറം, തിരുവനന്തപുരം, പാലക്കാട് ജില്ലകളിലായി നിലവിൽ 350 പേർ ഉൾപ്പെട്ടതായി മന്ത്രി വീണാജോർജ്. മരിച്ച കുട്ടിയുടെ വിശദമായ പുതിയ റൂട്ട് മാപ്പ് ആരോഗ്യവകുപ്പ് പുറത്തിറക്കി.
- കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുനായി കരസേനയും നാവികസേനയും കരയിലും ഗംഗാവാലി പുഴയിലും തിരച്ചിൽ തുടരുന്നു.
- ഏഷ്യാകപ്പ് വനിതാ ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് ശ്രീലങ്ക മലേഷ്യയേയും ബംഗ്ലാദേശ് തായ്‌ലന്റിനേയും നേരിടും.

## വാർത്തകൾ വിശദമായി

**പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് തുടക്കമായി. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.**

**സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകളും വിശകലനങ്ങളും നൽകുന്ന - 2023-24-ലെ സാമ്പത്തിക സർവേ ധനമന്ത്രി ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചു .**

**മൂന്നാം നരേന്ദ്ര മോദി ഗവൺമെന്റിന്റെ ആദ്യ ബജറ്റാണ് നാളെ അവതരിപ്പിക്കുന്നത്. കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിന്റെ ബജറ്റും അവതരിപ്പിക്കും. ഈ സമ്മേളനത്തിൽ ആറ് പുതിയ ബില്ലുകൾ ഗവൺമെന്റ് അവതരിപ്പിച്ചേക്കും. ദുരന്തനിവാരണ (ഭേദഗതി) ബിൽ, ബോയിലേഴ്സ് ബിൽ, ഭാരതീയ വായുയാൻ വിധേയക്, കാപ്പി (പ്രമോഷൻ ആൻഡ് ഡെവലപ്മെന്റ്) ബിൽ, റബ്ബർ (പ്രമോഷൻ ആൻഡ് ഡെവലപ്മെന്റ്) ബിൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അടുത്ത മാസം 12ന് സമാപിക്കുന്ന സമ്മേളനത്തിൽ 16 ദിവസം സഭ സമ്മേളിക്കും.**

✪✪✪

**നാളെ അവതരിപ്പിക്കുന്ന കേന്ദ്ര ബജറ്റ് അടുത്ത അഞ്ച് വർഷത്തെ യാത്രയ്ക്ക് ദിശാബോധം നൽകുമെന്നും 2047ൽ വികസിത് ഭാരത് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ അടിത്തറ പാകുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ വിധി പ്രസ്താവിച്ചിട്ടുണ്ടെന്നും ഇനി അടുത്ത അഞ്ച് വർഷത്തേക്ക് എല്ലാ രാഷ്ട്രീയ പാർട്ടികളും രാജ്യത്തിനായി ഒരുമിച്ച് പോരാടണമെന്നും അദ്ദേഹം പറഞ്ഞു. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു മോദി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)...**

**പ്രതിപക്ഷ പാർട്ടികൾ പരാജയങ്ങൾ മറച്ചുവെക്കാൻ പാർലമെന്റിന്റെ സമയം ഉപയോഗിച്ചുവെന്ന് പ്രധാനമന്ത്രി ആരോപിച്ചു. കഴിഞ്ഞ സമ്മേളനത്തിലെ തടസ്സങ്ങളെ പരാമർശിച്ച്, പ്രതിപക്ഷ പാർട്ടികൾ പാർലമെന്റിൽ തന്റെ ശബ്ദം തകർക്കാൻ ശ്രമിച്ചുവെന്നും അത്തരമൊരു തന്ത്രത്തിന് ജനാധിപത്യത്തിൽ സ്ഥാനമില്ലെന്നും മോദി പറഞ്ഞു.**

**രാജ്യത്തിന്റെ അഭിമാനകരമായ ജനാധിപത്യ യാത്രയിലെ സുപ്രധാന ലക്ഷ്യസ്ഥാനമാണ് ബജറ്റ് സമ്മേളനം. അടുത്ത നാലര വർഷത്തേക്ക് രാഷ്ട്രീയ പാർട്ടികൾ പാർട്ടി ഭേദമന്യേ ഉയർന്ന് രാജ്യത്തിനായി സ്വയം സമർപ്പിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. 2029ലെ തിരഞ്ഞെടുപ്പ് വർഷത്തിൽ രാഷ്ട്രീയ പോരാട്ടങ്ങളിൽ ഏർപ്പെടാൻ**

കഴിയുന്നതിനാൽ കർഷകരുടെയും യുവാക്കളുടെയും രാജ്യത്തിന്റെയും ശാക്തീകരണത്തിനായി എല്ലാ പാർട്ടികളും പങ്കാളികളാകണമെന്നും അദ്ദേഹം പറഞ്ഞു .

നാളെ അവതരിപ്പിക്കുന്ന ബജറ്റ് അമൃത് കാലിലെ നിർണായക ബജറ്റായിരിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പട്നയ്ക്ക് സമീപം നീറ്റ്-യുജി പേപ്പർ ചോർച്ചയുടെ ഒരു സംഭവം മാത്രമാണ് രാജ്യത്ത് ഇതുവരെ റിപ്പോർട്ട് ചെയ്തതെന്ന് വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പറഞ്ഞു. വിഷയത്തിൽ CBI അന്വേഷണം നടത്തുകയാണെന്നും നീറ്റ് പരീക്ഷാ വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും അദ്ദേഹം അറിയിച്ചു. രാജ്യത്ത് പേപ്പർ ചോർച്ച സംഭവങ്ങൾ വ്യാപകമായെന്ന പ്രതിപക്ഷ പാർട്ടികളുടെ ആരോപണങ്ങൾ ലോക്സഭയിൽ ചോദ്യോത്തര വേളയിൽ അദ്ദേഹം തള്ളി. നീറ്റ് യുജി പരീക്ഷാ നടത്തിപ്പിനായി സജ്ജീകരിച്ച നാലായിരത്തി 700 കേന്ദ്രങ്ങളിൽ ഒരിടത്ത് അപാകതകളും ക്രമക്കേടുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പ്രധാൻ അറിയിച്ചു.

രാജ്യത്തെ പരീക്ഷാ സമ്പ്രദായത്തിൽ അതീവ ഗുരുതരമായ പ്രശ്നമുണ്ടെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നേരത്തെ വിഷയം ഉന്നയിച്ചിരുന്നു. വിഷയത്തിൽ പ്രധാനമന്ത്രിയെ അദ്ദേഹം വിമർശിച്ചു. രാജ്യത്തെ ദശലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പരീക്ഷകളെക്കുറിച്ചും അവരുടെ ഭാവിയെക്കുറിച്ചും അതീവ ഉത്കണ്ഠാകുലരാണെന്നും അദ്ദേഹം പറഞ്ഞു.

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ദിവസമായ ഇന്ന് സമാജ്‌വാദി പാർട്ടിയിലെ അഖിലേഷ് യാദവ്, RSP യുടെ എൻകെ പ്രേമചന്ദ്രൻ എന്നിവരുൾപ്പെടെ ചില പ്രതിപക്ഷ എംപിമാർ ചോദ്യ പേപ്പർ ചോർച്ചാ വിഷയം ലോക്സഭയിൽ ഉന്നയിച്ചു.

രാജ്യസഭ സമ്മേളിച്ചയുടൻ , കവാർ യാത്രാ റൂട്ടുകളിലെ കടകളിൽ ഉടമയുടെയും ജീവനക്കാരുടെയും പേര് പ്രദർശിപ്പിക്കണമെന്ന ഉത്തർപ്രദേശ് ഗവൺമെന്റിന്റെ ആവശ്യത്തിൽ കോൺഗ്രസ്, ഇടതുപക്ഷം, തൃണമൂൽ, തൃണമൂൽ കോൺഗ്രസ് തുടങ്ങിയ പാർട്ടികൾ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ തള്ളി.

✪✪✪

മലപ്പുറം ജില്ലയിൽ നിപ നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കി. ജില്ലയിൽ പൊതു ഇടങ്ങളിൽ മാസ്ക് നിർബന്ധമാക്കിയതായി ഇന്ന് ചേർന്ന അവലോകന യോഗത്തിന് ശേഷം മന്ത്രി വീണ ജോർജ് അറിയിച്ചു. മലപ്പുറം, തിരുവനന്തപുരം, പാലക്കാട് ജില്ലകളിലായി നിലവിൽ 350 പേരാണ് നിപ

ബാധിച്ച് ഇന്നലെ മരിച്ച 14കാരന്റെ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടതെന്നും മന്ത്രി വ്യക്തമാക്കി.

.........................(Minister Veena George Byte) ...........................

പാണ്ടിക്കാട്, ആനക്കയം പഞ്ചായത്തുകളിൽ വീടുകൾ കയറിയിറങ്ങിയുള്ള സർവേ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. 244 ടീമുകളാണ് സർവേ നടത്തുന്നത്. പാണ്ടിക്കാട്ട് 144 ടീമും ആനക്കയത്ത് 80 ടീമുമാണ് പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ഇതുകൂടാതെ മൃഗ സംരക്ഷണ വകുപ്പിന്റെ ടീമും ഫീൽഡിൽ പരിശോധന നടത്തുന്നുണ്ട്. ഇവർ മൃഗങ്ങളുടെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കും. സമ്പർക്ക പട്ടികയിൽ കൂടുതലും കുട്ടികളായതിനാൽ ഇവർക്ക് മാനസിക പിന്തുണ നൽകാൻ കൗൺസിലിംഗ് ഉൾപ്പെടെ നൽകുന്നുണ്ടെന്നും വീണ ജോർജ് അറിയിച്ചു.

✪✪✪

മലപ്പുറത്ത് നിപ സ്ഥിരീകരിച്ച് മരിച്ച കുട്ടിയുടെ വിശദമായ പുതിയ റൂട്ട് മാപ്പ് ആരോഗ്യവകുപ്പ് പുറത്തിറക്കി.

കുട്ടി ഈ മാസം 11 മുതൽ 15വരെ പോയ സ്ഥലങ്ങളുടെ റൂട്ട് മാപ്പ് ആണ് നേരത്തെ പ്രസിദ്ധീകരിച്ചത്. 11 മുതൽ 19 വരെ പോയ സ്ഥലങ്ങളുടെ വിശദമായ റൂട്ട് മാപ്പ് ആണ് ഇപ്പോൾ പുറത്തിറക്കിയത്. റൂട്ട് മാപ്പിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ ഈ സമയങ്ങളിൽ സന്ദർശിച്ചിട്ടുള്ളവർ നിർബന്ധമായും അധികൃതരെ ബന്ധപ്പെടണമെന്നാണ് നിർദേശം.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുനായി തിരച്ചിൽ തുടരുന്നു. രക്ഷാദൗത്യത്തിന്റെ ഏഴാംദിനമായ ഇന്ന് കരയിലും ഗംഗാവാലി പുഴയിലും ഒരേ സമയമാണ് തിരച്ചിൽ തുടരുന്നത്.

സ്കൂബ ഡൈവേഴ്സും നാവികസേന വിദഗ്ധരും ചേർന്നാണ് പുഴയിൽ തിരച്ചിൽ നടത്തുന്നത്. പുഴയിൽ മൺകൂനയുള്ള സ്ഥലത്താണ് പരിശോധന. പുഴയിലെ പരിശോധനക്കായി കൂടുതൽ ഉപകരണങ്ങൾ എത്തിക്കാൻ തയ്യാറെടുപ്പിലാണ് നാവികസേന.

സൈന്യത്തിന്റെ അത്യാധുനിക സംവിധാനങ്ങളോടു കൂടിയ റഡാറുകൾ അടക്കം എത്തിച്ച് പരിശോധന നടത്തും. സൈന്യത്തിന്റെ ഡീപ് സെർച്ച് മെറ്റൽ ഡിറ്റക്ടർ ഉടനെത്തുമെന്ന് അധികൃതർ അറിയിച്ചു. ഇത് ഉപയോഗിച്ച് സൈന്യം ആദ്യം കരയിൽ തെരച്ചിൽ നടത്തും.

അതേ സമയം, അർജുന്റെ വാഹനം പുഴയിലാകാമെന്ന് ഉത്തര കന്നഡ ജില്ലാ കളക്ടർ ലക്ഷ്മി പ്രിയ ഒരു വാർത്താ ചാനലിനോട് പറഞ്ഞു. വാഹനം

കരയിലുണ്ടാകാൻ 99 ശതമാനവും സാധ്യതയില്ലെന്നും കളക്ടർ അറിയിച്ചു. അവ്യക്തമായ ചില സിഗ്നൽ ലഭിച്ചിട്ടുണ്ടെന്നും അതെന്താണെന്ന് ഉറപ്പിക്കാനായിട്ടില്ലെന്നും കളക്ടർ പറഞ്ഞു.

മണ്ണിടിച്ചിലിന് 10 മിനിറ്റ് മുമ്പത്തെ കരയുടെ ദൃശ്യങ്ങളുടെ ചിത്രം ഇന്ന് ലഭിക്കും. നദിക്കരയിൽ ആ സമയത്ത് ഏതൊക്കെ വാഹനങ്ങൾ നിർത്തിയിട്ടുവെന്ന് ഈ ചിത്രങ്ങളിൽ നിന്ന് അറിയാൻ സാധിക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

അതേസമയം, അർജുന്റെ രക്ഷാപ്രവർത്തനത്തിന് അടിയന്തര ഇടപെടൽ വേണമെന്ന ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. ജസ്റ്റിസ് വിക്രംനാഥ് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്.

✪✪✪

മണ്ണിടിച്ചിലുണ്ടായ സ്ഥലത്ത് M.K രാഘവൻ എം പി ക്യാംപ് ചെയ്യുന്നു. അർജുനെ കണ്ടെത്തുന്നത് വരെ തെരച്ചിൽ തുടരുമെന്ന് എം.പി വ്യക്തമാക്കി. വിവിധ സേനാ വിഭാഗങ്ങൾക്കൊപ്പം കേരളത്തിൽ നിന്നെത്തിയ സന്നദ്ധ പ്രവർത്തകരും രക്ഷാപ്രവർത്തനത്തിനായി ഇറങ്ങിയിട്ടുണ്ട്.

✪✪✪

ജമ്മു കശ്മീരിലെ രജൗരി ജില്ലയിൽ സൈന്യം നടത്തിയ ഭീകരവിരുദ്ധ ഓപ്പറേഷനിൽ ഒരു ഭീകരൻ കൊല്ലപ്പെട്ടു. സൈനികന് പരിക്കേറ്റു. ഗുന്ധ ഖവാസ് ഗ്രാമത്തിൽ ഗ്രാമപ്രതിരോധ സമിതി അംഗമായ ശൗര്യ ചക്ര അവാർഡ് ജേതാവ് പർഷോതം കുമാറിന്റെ വീടിന് സമീപം പുതുതായി സ്ഥാപിച്ച സൈനിക ചെക്ക്പോസ്റ്റ് പുലർച്ചെ ഭീകരർ ആക്രമിച്ചതോടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്.

ഭീകരരുടെ നീക്കത്തെക്കുറിച്ച് സൂചന ലഭിച്ചതിനെ തുടർന്നാണ് ചെക്ക്പോസ്റ്റ് സ്ഥാപിച്ചത്. കലകോട്ട് മേഖലയിൽ ഒരു ഭീകരനെ വധിക്കാൻ സഹായിച്ചതിന് പർഷോതം കുമാറിന് അടുത്തിടെ രാഷ്ട്രപതി ശൗര്യ ചക്ര നൽകി ആദരിച്ചിരുന്നു. ജമ്മു ഡിവിഷനിലെ മലയോര ജില്ലകളിൽ പ്രവർത്തിക്കുന്ന ഭീകരരുടെ സംഘത്തെ നേരിടാൻ സൈന്യം നാലായിരത്തിലധികം സൈനികരെ വിന്യസിച്ചിട്ടുണ്ട്.

✪✪✪

ശ്രീലങ്കയിലെ ദാംബുള്ളയിൽ ഏഷ്യാകപ്പ് വനിതാ ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചക്ക് രണ്ടിന് ശ്രീലങ്ക മലേഷ്യയെ നേരിടും. വൈകീട്ട് ഏഴിന് ബംഗ്ലാദേശ് തായ്‌ലന്റുമായി ഏറ്റുമുട്ടും.

ഇന്നലെ UAE-യെ 78 റൺസിന് തോൽപ്പിച്ച് ഇന്ത്യ സെമി ഉറപ്പിച്ചു.

നാളെ നേപ്പാളുമായാണ് ഇന്ത്യയുടെ അടുത്ത മത്സരം.

✪✪✪

കണ്ണൂർ പുഷ്പോത്സവത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലാ അഗ്രി -ഹോർട്ടികൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച മാധ്യമ പുരസ്കാരങ്ങൾ വൈകിട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി വിതരണം ചെയ്യും.

ശ്രവ്യ മാധ്യമ വിഭാഗത്തിൽ സമഗ്ര കവറേജിന് പുരസ്കാരം കണ്ണൂർ ആകാശവാണി നിലയവും റിപ്പോർട്ടിംഗിന് ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരനും പ്രോഗ്രാം വിഭാഗത്തിലെ സി.സീമയുമാണ് പുരസ്കാരത്തിന് അർഹമായത്. അച്ചടി മാധ്യമ വിഭാഗത്തിൽ സുദിനം സായാഹ്ന ദിനപത്രവും ദൃശ്യ മാധ്യമ വിഭാഗത്തിൽ കണ്ണൂർ വിഷനും സമഗ്ര കവറേജിന് പുരസ്കാരം ലഭിച്ചു.

✪✪✪

ഇടുക്കി ചിന്നക്കനാലിൽ കാട്ടാന ആക്രമണത്തിൽ ആദിവാസി യുവാവ് ഇന്നലെ മരിച്ചതിനെ തുടർന്ന് പ്രദേശവാസികൾ പ്രതിഷേധ റാലി നടത്തി. വനം വകുപ്പ് ഓഫീസിന് മുന്നിലാണ് പ്രതിഷേധം. ടാങ്ക് കുടി സ്വദേശി കണ്ണൻ ആണ് കാട്ടാനക്കൂട്ട ആക്രമണത്തിൽ മരിച്ചത്. കൃഷിയിടത്തിൽ എത്തിയ കാട്ടാനക്കൂട്ടത്തെ തുരത്തുന്നതിനിടയിൽ ഇന്നലെ വൈകിട്ട് അഞ്ചരയോടെയാണ് സംഭവം. ഇടുക്കിയിൽ ഈ വർഷം ഇതുവരെ ആറു പേരാണ് കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടത്.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. എന്നാൽ വടക്കൻ ജില്ലകളിൽ ഇന്നും മഴ തുടരും. വെള്ളിയാഴ്ച്ച വരെ സംസ്ഥാനത്ത് മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

ശക്തമായ മഴ സാധ്യത പരിഗണിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

✪✪✪